# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2261 — 11.06.2018 – ൽ മറുപടിക്ക്

## റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണ നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തു റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗുണമേന്മയില്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ; | (എ) കർഷകരിൽ നിന്നും സംഭരിച്ച നെല്ല് സ്വീകരിക്കുന്നതിന്റെയും സംസ്കരണത്തിന്റെയും നാൾവഴി കമ്പ്യൂട്ടർ അധിഷ്ഠിതമായ സംവിധാനത്തിൽ രേഖപ്പെടുത്തുന്നു. കൂടാതെ, അരിയുടെ ഗുണനിലവാര പരിശോധനയും നടത്തിയതിനു ശേഷമാണ് കസ്റ്റം മിൽഡ് റൈസ് **(CMR)** റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് സപ്ലൈകോ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറുന്നത്.<br><br>എഫ്.സി.ഐ.യിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. മുദ്രണം ഉള്ള സ്റ്റിച്ചിങ്ങോടു കൂടിയ ചാക്കുകളിൽ തന്നെയാണ് റേഷൻ കടകളിൽ വിതരണത്തിന് ലഭ്യമാക്കുന്നത്.<br><br>റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യവിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് വിതരണ സമയങ്ങളിൽ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രത്യേക പരിശോധന നടത്തിയാണ് സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നത്. കൂടാതെ എല്ലാ റേഷൻ കടകളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യ ധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ച പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എ.പി.എൽ., ബി.പി.എൽ ഭേദമെന്യേ എല്ലാ റേഷൻ കാർഡുടമകൾക്കും ന്യായമായ വിലയ്ക്ക് മാസത്തിൽ കുറഞ്ഞത് 10 കിലോ അരിയെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | മുൻഗണനേതര വിഭാഗത്തിലുള്ളവർക്ക് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കുന്നതിന് ടൈഡ് ഓവർ വിഹിതത്തിൽ കൂടുതൽ കേന്ദ്ര വിഹിതം നൽകണമെന്നാവശ്യപ്പെട്ട് സർവ്വകക്ഷി പ്രതിനിധി സംഘം ബഹു. പ്രധാനമന്ത്രിയെ സന്ദർശിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*